ഇവ കൂടാതെ സയൻസ് വിദ്യാർത്ഥികളിൽ നിന്നും 50 രൂപയും മറ്റ് വിദ്യാർത്ഥികളിൽ നിന്ന് 30 രൂപയും കോഷൻ മണിയായി വാങ്ങാറുണ്ട്.

(ബി) ഈ ഇനത്തിലെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

(സി ആന്റ് ഡി) സർക്കാരിന്റെ ജനറൽ ഫണ്ടിലേക്ക് അടച്ച തുക ഡിപ്പാർട്ടുമെന്റിന് ചിലവാക്കാൻ കഴിയുകയില്ല. ആയതിനാൽ കണക്ക് ലഭ്യമല്ല.

എയിഡഡ് ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പി.എഫ്. അക്കൗണ്ട് ആരംഭിക്കാൻ നടപടി

371 [2431] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ആരംഭിക്കാത്തതു കാരണം ടി വിഭാഗം അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക, ഇൻക്രിമെന്റ് കുടിശ്ശിക, ക്ഷാമബത്താ കുടിശ്ശിക എന്നിവ പി.എഫ്. അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ കഴിയുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വിഭാഗത്തിന് പി.എഫ്. അക്കൗണ്ട് ആരംഭിക്കുന്നതിനും ഇതുവരെയുള്ള കുടിശ്ശിക തുകകൾ പി.എഫ്.-ൽ ലയിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഇ) ഇതു സംബന്ധിച്ച ഉത്തരവ് എന്നേക്ക് പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഇ) സംസ്ഥാനത്തെ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്കും ജീവനക്കാർക്കും ഉള്ള പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ജൂലൈ മാസത്തെ ശമ്പളത്തിൽ നിന്നു തന്നെ പി.എഫ്. തുക പിടിച്ചു തുടങ്ങുന്ന വിധത്തിൽ എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly